# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3526 08..11..2019 -ലെ മറുപടിയ്ക്ക്

## പരീക്ഷകളിൽ മോഡറേഷൻ മാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനിൽ അക്കര<br>,, എ.പി. അനിൽ കുമാർ<br>,, അൻവർ സാദത്ത്<br>,, വി.ടി. ബൽറാം : | ഡോ. കെ.ടി. ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | |
|---|---|
| എം.ജി. സർവ്വകലാശാലയിലെ നിയമമനുസരിച്ച് പരീക്ഷകളിൽ മോഡറേഷൻ മാർക്ക് കൂട്ടി നൽകുവാനുള്ള അധികാരം ഏത് സമിതിക്കാണ് എന്നറിയിക്കാമോ? | മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985, മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, 1997 എന്നിവ പ്രകാരം പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം സർവ്വകലാശാല സിൻഡിക്കേറ്റിനാണ്. മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട്, 1985 അദ്ധ്യായം 4, വകുപ്പ് 23, ഉപവകുപ്പ് (XV) പ്രകാരം സിൻഡിക്കേറ്റിന് പരീക്ഷാ സംബന്ധിയായ വിഷയങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതും, കൂടാതെ ആനുഷംഗികവും (incidental), അന്തർലീനവുമായ (inherent) സിൻഡിക്കേറ്റിന്റെ അധികാരം ഉപയോഗിച്ച് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ